**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2171** **09-02-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്കും അരിവാൾ രോഗികൾക്കുമായി വയനാട്ടിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിലെ ആദിവാസികൾക്കായി ആരോഗ്യ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | പോഷകാഹാരക്കുറവ് (Protein energy Malnutrition, Severe Acute Malnutrition), വിളർച്ച (Anaemla), അരിവാൾ രോഗം (Sickle Cell Disease) എന്നിവ നേരത്തെ തന്നെ കണ്ടെത്തി ചികിത്സയും മറ്റു സഹായങ്ങളും നൽകുവാനുള്ള പദ്ധതികൾ നടന്നു വരുന്നു. ഗർഭകാല ശുശ്രൂഷ എല്ലാ ഗർഭിണികൾക്കും എത്തിക്കുക, പ്രസവ സേവനങ്ങൾ, പ്രസവാനന്തര സേവനങ്ങൾ എല്ലാ അമ്മമാർക്കും ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിലവാരമുള്ള പ്രസവശുശ്രൂഷ ഉറപ്പാക്കുന്നതിന് വേണ്ടി ദേശീയ മാനദണ്ഡങ്ങളായ NAS, LaQSHYA എന്നിവ ചില ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. ആശുപത്രി വിട്ടതിനു ശേഷമുള്ള ശിശുപരിപാലനം മുലയൂട്ടൽ, പ്രതിരോധ കുത്തിവെയ്പുകൾ, അമ്മയ്ക്കും കുഞ്ഞിനുമുള്ള പോഷകാഹാരം ലഭ്യമാക്കൽ എന്നിവ ജെ.പി.എച്ച്.എൻ ആശാ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ മുഖേന ഉറപ്പുവരുത്തുന്നു.<br><br>RBSK നഴ്സുമാർ മുഖേന കുഞ്ഞുങ്ങളിലും സ്കൂൾ കുട്ടികളിലും, കൗമാര പ്രായക്കാർക്കുമിടയിലുള്ള പോഷകാഹാരക്കുറവ്, വിളർച്ച എന്നിവ കണ്ടെത്തി വേണ്ട പ്രതിവിധികളും നൽകിവരുന്നു. എൻ.എച്ച്.എം മുഖേന നിയമിതരായ എം.എൽ.എസ്.പി നേഴ്സുമാർ മുഖേന വിവിധ സേവനങ്ങൾ നൽകി വരുന്നു. ആശുപത്രികളിൽ എത്താത്തവർക്ക് വേണ്ടി ഇ-സഞ്ജീവനി മുഖേന ഒ.പി സേവനങ്ങൾ നൽകാൻ ആരംഭിച്ചിട്ടുണ്ട്.<br><br>വയനാട് ജില്ലയിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി Nutrition Rehabilitatorn Centre (NRC)കൾ |

പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പ്, ആരോഗ്യകേരളം, KMSCL എന്നിവ മുഖേന മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമേ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആരോഗ്യകേരളം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ പ്രവർത്തരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. നിലവിലുള്ള ആരോഗ്യപ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടവും, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും, വനിതാ ശിശുക്ഷേമവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്നാണ് ലഭ്യമാക്കി വരുന്നത്.

അരിവാൾ കോശ രോഗം കേരളത്തിൽ, പ്രധാനമായും വയനാട് ജില്ലയിൽ ഇതുവരെ 1942 രോഗികളെ കണ്ടെത്തിയിട്ടുണ്ട്. രോഗികൾക്കായി അവരുടെ ഏറ്റവും അടുത്ത ആരോഗ്യകേന്ദ്രങ്ങളിൽ ആരോഗ്യപരിശോധന നടത്തുകയും മരുന്നുകളും, പോഷകാഹാര കിറ്റും നൽകി വരുന്നു. സിക്കിൾ സെൽ ക്രൈസിസ് ആകുന്ന രോഗികൾക്കായി പ്രത്യേക വാർഡുകളും High Dependency Unit (HD) മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇവിടെ സിക്കിൾ സെൽ അനീമിയ പേഷ്യന്റ്സിന് വേണ്ടി പ്രത്യേകം സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്. കോളനികളിലും സ്കൂളുകളിലും സിക്കിൾ സെൽ അനീമിയ ഉള്ള ആളുകളെ നേരത്തെ കണ്ടുപിടിക്കാൻ ഉള്ള സ്ക്രീനിംഗ് നടന്നുവരുന്നു.

<u>ഊരും ഉയിരും പദ്ധതി</u> :- കോളനികൾ കേന്ദ്രീകരിച്ച് ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആയതിൽ സ്ത്രീകൾ, പുരുഷൻമാർ, മുലയൂട്ടുന്ന അമ്മമാർ. കുട്ടികൾ എന്നിവരുടെ പരിശോധനയും രക്ത സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തുവരുന്നു. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനങ്ങൾ ഈ ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തുന്നു. സാംക്രമിക രോഗങ്ങളുടെയും ജീവിത ശൈലീ രോഗങ്ങളുടെ പരിശോധനയും, വായിലെ അൾസർ എന്നിവയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കണ്ടെത്തുന്നു. കൂടാതെ തൈറോയിഡ് ടെസ്റ്റുകൾ, വൈറ്റമിൻ ഡി ലെവൽ RBS, കഫം

| | | | |
|---|---|---|---|
| | | | CBNAAT എന്നിവയുടെ സാമ്പിളുകളും ശേഖരിക്കുന്നു.<br><br>Precemotive TB Detection Campaign ജില്ലയിലെ ആദിവാസി കോളനികൾ സന്ദർശിച്ച് ആദിവാസി വിഭാഗങ്ങളിൽ ടി.ബി രോഗനിർണ്ണയം നടത്തുന്നതിനായി Portable X-ray Screening Test നടത്തിവരുന്നു. ട്രൈബൽ ഏരിയയിലെ സ്ഥാപനങ്ങളിൽ ആന്റി റാബീസ് ക്ലിനിക് സ്ഥാപിക്കുന്നതിന് 2022 - 2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ 34 സ്ഥാപനങ്ങൾക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച്, പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ആരോഗ്യവകുപ്പിൽ നടപ്പാക്കി വരുന്നു. പദ്ധതിയിലൂടെ ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. |
| (ബി) | വയനാട്ടിലെ അരിവാൾ രോഗികൾക്കായുള്ള പെൻഷൻ ഇനത്തിൽ ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | അരിവാൾ രോഗബാധിതർക്ക് ധനസഹായം അനുവദിക്കുന്ന 'സമാശ്വാസം - 4' പദ്ധതിയിൽ വയനാട് ജില്ലയിൽ നടപ്പ സാമ്പത്തിക വർഷം ആരംഭത്തിൽ 195 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. നിലവിൽ 191 ഗുണഭോക്താക്കളാണുള്ളത്. ലൈഫ് സർട്ടിഫിക്കറ്റും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കിയ ഗുണഭോക്താക്കൾക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം ആകെ 27,06,000/- രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ